ഉത്തരം

2004-05 സാമ്പത്തിക വർഷത്തിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമവികസന വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്.-ന്റെ പുതിയ പദ്ധതിയ്ക്കോ, റീ ഇംപേഴ്സ്മെന്റ് ഇനത്തിലോ തുകയൊന്നും നബാർഡിൽ നിന്നും അനുവദിച്ചിട്ടില്ല.

നബാർഡിന്റെ ധനസഹായം ലഭിച്ച റോഡുകൾ

167[1886] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ തൂണേരി, കുന്നുമ്മൽ ബ്ലോക്കുകളിലായി 2001, 2002, 2003, 2004 വർഷങ്ങളിൽ നബാർഡിന്റെ ധനസഹായം ലഭിച്ച റോഡുകൾ എത്രയുണ്ടെന്നും, ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ ;

(ബി) ധനസഹായം ലഭിച്ച റോഡുകളുടെ പേരും പണി പൂർത്തിയാക്കിയ റോഡുകൾ ഏതാണെന്നും അറിയിക്കാമോ;

(സി) ധനസഹായം ലഭിച്ചിട്ടും, ഇതുവരെയും പണി തുടങ്ങാൻ കഴിയാത്ത റോഡുകൾ ഏതെല്ലാമാണെന്നും എന്ന് പണി ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ-ബി) നാദാപുരം നിയോജക മണ്ഡലത്തിലെ തൂണേരി, കുന്നുമ്മൽ ബ്ലോക്കുകളിൽ 2001, 2002 വർഷങ്ങളിൽ നബാർഡിന്റെ ധനസഹായത്തോടെ റോഡുകളൊന്നും അനുവദിച്ചിട്ടില്ല. തൂണേരി ബ്ലോക്കിൽ 2003-ൽ രണ്ട് റോഡുകൾക്കും [(1) കമ്പിളിപ്പാറ-ചിറ്റാരി (62.15 ലക്ഷം രൂപ), (2) പയ്യേരിക്കാവ്-പുഞ്ച (44.66 ലക്ഷം രൂപ)] 2004-ൽ 1 റോഡിനും കായ്പനച്ചി-കുന്നുംചിറ (39.30 ലക്ഷം രൂപ), കുന്നുമ്മൽ ബ്ലോക്കിൽ 2003-ൽ 3 റോഡുകൾക്കും [(1) കുണ്ടുംകോട്-നെടുവയൽ (81.12 ലക്ഷം രൂപ), (2) ചപ്പാൻ തോട്ടം-മുളവട്ടം (155 ലക്ഷം രൂപ), (3) താപുള്ള കൊല്ലി-തുപകൊല്ലി (100 ലക്ഷം രൂപ)] അനുമതി നൽകിയിട്ടുണ്ട്. ഈ പണികളൊന്നും ഇതുവരെ പൂർത്തിയായിട്ടില്ല.

(സി) ചപ്പാൻ തോട്ടം-മുളവട്ടം റോഡിന്റെ പണി ആരംഭിച്ചിട്ടില്ല. ഇതിന്റെ ദർഘാസ് പരസ്യം നൽകിയിട്ടുണ്ട്. മറ്റെല്ലാ റോഡുകളുടേയും പണി പുരോഗമിച്ചു വരുന്നു.

പാഡ് (കെ) മുഖേന കപ്പാർട്ടിൽ നിന്നും ധനസഹായം

168 [1887] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്പ്മെന്റ് (കേരള) പാഡ് (കെ) മുഖേന കാസർകോഡ് ജില്ലയിലെ സന്നദ്ധ സംഘടനകൾ കപ്പാർട്ടിൽ നിന്നും ധനസഹായത്തിനായി 2003-04, 2004-05 വർഷങ്ങളിൽ പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സംഘടനകൾ എന്തൊക്കെ ആവശ്യങ്ങൾക്കായാണ് അപേക്ഷിച്ചതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly